# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 7

# വാർത്താക്കുറിപ്പ്

## പിഎച്ച്.ഡി. കോഴ്സ്വർക്ക് പരീക്ഷ 15നും 16നും

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണകേന്ദ്രങ്ങളിൽ 2019ൽ രജിസ്ട്രേഷൻ നടത്തിയവർക്കും സെക്കന്റ് സ്പെൽ, 2018 സപ്ലിമെന്ററിക്കാർക്കുമുള്ള പിഎച്ച്.ഡി. കോഴ്സ്വർക്ക് പരീക്ഷ ഫെബ്രുവരി 15, 16 തീയതികളിൽ നടക്കും. കോട്ടയം സി.എം.എസ്. കോളേജാണ് പരീക്ഷ കേന്ദ്രം. കോഴ്സ് 1 പരീക്ഷ 15നും കോഴ്സ് 2ന്റേത് 16നുമാണ് നടക്കുക. ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെയാണ് പരീക്ഷ. സർവകലാശാലയുടെ ഔദ്യോഗിക പോർട്ടലിൽനിന്ന് ഡൗൺലോഡ് ചെയ്ത അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ടും തിരിച്ചറിയൽ കാർഡുമായി പരീക്ഷയ്ക്കെത്തണം. അഡ്മിറ്റ് കാർഡ് ഫെബ്രുവരി 13 മുതൽ ലഭ്യമാകും.

(പി.ആർ.ഒ/39/198/2020)

## സെനറ്റ് യോഗം മാർച്ച് 21ന്

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിന്റെ വാർഷികയോഗം മാർച്ച് 21ന് രാവിലെ 10ന് സർവകലാശാല സെനറ്റ് ഹാളിൽ നടക്കും. യോഗത്തിൽ അവതരിപ്പിക്കാനുള്ള ചോദ്യങ്ങൾ ഫെബ്രുവരി 19നകവും പ്രമേയങ്ങൾ ഫെബ്രുവരി 22നകവും പ്രത്യേകം തയാറാക്കി രജിസ്ട്രാർക്ക് നൽകണം.

(പി.ആർ.ഒ/39/199/2020)

## രസതന്ത്രത്തിലെ നവമുന്നേറ്റങ്ങൾ; ദ്വിദിന ദേശീയ കോൺഫറൻസിന് എം.ജി.യിൽ തുടക്കം

രസതന്ത്രത്തിലെ നവമുന്നേറ്റങ്ങളെക്കുറിച്ചുള്ള ദ്വിദിന ദേശീയ കോൺഫറൻസിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കം. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ. ബീന മാത്യു അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, ഡി.എസ്.ടി. പഴ്സ് കോ-ഓർഡിനേറ്റർ പ്രൊഫ. റ്റി.ആർ. കീർത്തി, ഡോ. എസ്. അനസ്, ഡോ. കെ.ബി. സുബില എന്നിവർ പ്രസംഗിച്ചു. സി.എസ്.ഐ.ആർ. ദേശീയ കെമിക്കൽ ലബോറട്ടറിയിലെ ഡോ. വിനോദ് സി. പ്രഭാകരൻ, മദ്രാസ് ഐ.ഐ.ടി.യിലെ ഡോ. കെ.എം. മുരളീധരൻ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലെ ഡോ. റോയ് ജോസഫ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധമവതരിപ്പിച്ചു.

ഇന്ന് (ഫെബ്രുവരി 8) ബംഗളൂരു ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ചിലെ ഡോ. സുബി ജേക്കബ് ജോർജ്, ഐ.എസ്.ആർ.ഒ.യിലെ ഡോ. ബെന്നി കെ. ജോർജ്, കോഴിക്കോട് എൻ.ഐ.ടി.യിലെ ഡോ. എൻ. സന്ധ്യ റാണി, ഡോ. വിപിൻ ഐപ് തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധമവതരിപ്പിക്കും. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഡി.എസ്.ടി. - പഴ്സ് ഫേസ് 2 സഹകരണത്തോടെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസാണ് ദേശീയ കോൺഫറൻസ് സംഘടിപ്പിക്കുന്നത്.

## ഫോട്ടോ ക്യാപ്ഷൻ

**രസതന്ത്രത്തിലെ നവമുന്നേറ്റങ്ങളെക്കുറിച്ച് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ കോൺഫറൻസ് പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/200/2020)

## ഉപന്യാസ രചന മത്സരം

'പരിസ്ഥിതി സൗഹൃദം, സുസ്ഥിര വികസനം - നവകേരളം എന്റെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിൽ വിദ്യാർഥികൾക്കായി മഹാത്മാ ഗാന്ധി സർവകലാശാല ഉപന്യാസ രചന മത്സരം സംഘടിപ്പിക്കുന്നു. മഹാത്മാ ഗാന്ധി സർവകലാശാല പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും യു.ജി., പി.ജി., എം.ഫിൽ, പിഎച്ച്.ഡി. വിദ്യാർഥികൾക്ക് പങ്കെടുക്കാം. മലയാളത്തിലാണ് ഉപന്യാസം തയാറാക്കേണ്ടത്. പത്ത് പുറത്തിൽ കവിയരുത്. രചനകൾ മൗലികമായിരിക്കണം. വിദ്യാർഥി പഠിക്കുന്ന കോളേജ്/സ്ഥാപനമേധാവി നൽകിയ സാക്ഷ്യപത്രം രചനയ്ക്കൊപ്പം സമർപ്പിക്കണം. ആദ്യ മൂന്നു സ്ഥാനം നേടുന്നവർക്ക് പ്രശസ്തിപത്രവും ഉപഹാരവും നൽകും. രചനകൾ ഫെബ്രുവരി 19ന് വൈകീട്ട് അഞ്ചിനകം പബ്ലിക് റിലേഷൻസ് ഓഫീസർ, പ്രിയദർശിനി ഹിൽസ് പി.ഒ., മഹാത്മാ ഗാന്ധി സർവകലാശാല, കോട്ടയം - 686560 എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ നൽകണം. രചനകൾ അയയ്ക്കുന്ന കവറിനുപുറത്ത് 'ഉപന്യാസ മത്സരം 2020' എന്നെഴുതണം. വിശദവിവരത്തിന് ഫോൺ: 0481-2733298.

(പി.ആർ.ഒ/39/201/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 7

# വാർത്താക്കുറിപ്പ്

## പിഎച്ച്.ഡി. കോഴ്സ്‌വർക്ക് പരീക്ഷ 15നും 16നും

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണകേന്ദ്രങ്ങളിൽ 2019ൽ രജിസ്ട്രേഷൻ നടത്തിയവർക്കും സെക്കന്റ് സ്പെൽ, 2018 സപ്ലിമെന്ററിക്കാർക്കുമുള്ള പിഎച്ച്.ഡി. കോഴ്സ്‌വർക്ക് പരീക്ഷ ഫെബ്രുവരി 15, 16 തീയതികളിൽ നടക്കും. കോട്ടയം സി.എം.എസ്. കോളേജാണ് പരീക്ഷ കേന്ദ്രം. കോഴ്സ് 1 പരീക്ഷ 15നും കോഴ്സ് 2ന്റേത് 16നമാണ് നടക്കുക. ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെയാണ് പരീക്ഷ. സർവകലാശാലയുടെ ഔദ്യോഗിക പോർട്ടലിൽനിന്ന് ഡൗൺലോഡ് ചെയ്ത അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ടും തിരിച്ചറിയൽ കാർഡുമായി പരീക്ഷയ്ക്കെത്തണം. അഡ്മിറ്റ് കാർഡ് ഫെബ്രുവരി 13 മുതൽ ലഭ്യമാകും.

(പി.ആർ.ഒ/39/198/2020)

## സെനറ്റ് യോഗം മാർച്ച് 21ന്

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിന്റെ വാർഷികയോഗം മാർച്ച് 21ന് രാവിലെ 10ന് സർവകലാശാല സെനറ്റ് ഹാളിൽ നടക്കും. യോഗത്തിൽ അവതരിപ്പിക്കാനുള്ള ചോദ്യങ്ങൾ ഫെബ്രുവരി 19നകവും പ്രമേയങ്ങൾ ഫെബ്രുവരി 22നകവും പ്രത്യേകം തയാറാക്കി രജിസ്ട്രാർക്ക് നൽകണം.

(പി.ആർ.ഒ/39/199/2020)

## രസതന്ത്രത്തിലെ നവമുന്നേറ്റങ്ങൾ; ദ്വിദിന ദേശീയ കോൺഫറൻസിന് എം.ജി.യിൽ തുടക്കം

രസതന്ത്രത്തിലെ നവമുന്നേറ്റങ്ങളെക്കുറിച്ചുള്ള ദ്വിദിന ദേശീയ കോൺഫറൻസിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കം. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ. ബീന മാത്യു അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, ഡി.എസ്.ടി. പഴ്സ് കോ-ഓർഡിനേറ്റർ പ്രൊഫ. റ്റി.ആർ. കീർത്തി, ഡോ. എസ്. അനസ്, ഡോ. കെ.ബി. സുബില എന്നിവർ പ്രസംഗിച്ചു. സി.എസ്.ഐ.ആർ. ദേശീയ കെമിക്കൽ ലബോറട്ടറിയിലെ ഡോ. വിനോദ് സി. പ്രഭാകരൻ, മദ്രാസ് ഐ.ഐ.ടി.യിലെ ഡോ. കെ.എം. മുരളീധരൻ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലെ ഡോ. റോയ് ജോസഫ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധമവതരിപ്പിച്ചു.

ഇന്ന് (ഫെബ്രുവരി 8) ബംഗളൂരു ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ചിലെ ഡോ. സുബി ജേക്കബ് ജോർജ്, ഐ.എസ്.ആർ.ഒ.യിലെ ഡോ. ബെന്നി കെ. ജോർജ്, കോഴിക്കോട് എൻ.ഐ.ടി.യിലെ ഡോ. എൻ. സന്ധ്യ റാണി, ഡോ. വിപിൻ ഐപ് തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധമവതരിപ്പിക്കും. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഡി.എസ്.ടി. - പഴ്സ് ഫേസ് 2 സഹകരണത്തോടെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസാണ് ദേശീയ കോൺഫറൻസ് സംഘടിപ്പിക്കുന്നത്.

## ഫോട്ടോ ക്യാപ്ഷൻ

**രസതന്ത്രത്തിലെ നവമുന്നേറ്റങ്ങളെക്കുറിച്ച് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ കോൺഫറൻസ് പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/200/2020)

## ഉപന്യാസ രചന മത്സരം

'പരിസ്ഥിതി സൗഹൃദം, സുസ്ഥിര വികസനം - നവകേരളം എന്റെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിൽ വിദ്യാർഥികൾക്കായി മഹാത്മാ ഗാന്ധി സർവകലാശാല ഉപന്യാസ രചന മത്സരം സംഘടിപ്പിക്കുന്നു. മഹാത്മാ ഗാന്ധി സർവകലാശാല പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും യു.ജി., പി.ജി., എം.ഫിൽ, പിഎച്ച്.ഡി. വിദ്യാർഥികൾക്ക് പങ്കെടുക്കാം. മലയാളത്തിലാണ് ഉപന്യാസം തയാറാക്കേണ്ടത്. പത്ത് പുറത്തിൽ കവിയരുത്. രചനകൾ മൗലികമായിരിക്കണം. വിദ്യാർഥി പഠിക്കുന്ന കോളേജ്/സ്ഥാപനമേധാവി നൽകിയ സാക്ഷ്യപത്രം രചനയ്ക്കൊപ്പം സമർപ്പിക്കണം. ആദ്യ മൂന്നു സ്ഥാനം നേടുന്നവർക്ക് പ്രശസ്തിപത്രവും ഉപഹാരവും നൽകും. രചനകൾ ഫെബ്രുവരി 19ന് വൈകീട്ട് അഞ്ചിനകം പബ്ലിക് റിലേഷൻസ് ഓഫീസർ, പ്രിയദർശിനി ഹിൽസ് പി.ഒ., മഹാത്മാ ഗാന്ധി സർവകലാശാല, കോട്ടയം - 686560 എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ നൽകണം. രചനകൾ അയയ്ക്കുന്ന കവറിനുപുറത്ത് 'ഉപന്യാസ മത്സരം 2020' എന്നെഴുതണം. വിശദവിവരത്തിന് ഫോൺ: 0481-2733298.

(പി.ആർ.ഒ/39/201/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ